**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി )വകുപ്പ്**

സ.ഉ.(സാധാ) നം.**1883/2025/LSGD**തീയതി,തിരുവനന്തപുരം, **31-07-2025**

---

പരാമർശം:-

1. **06.03.2023** ലെ സ.ഉ.(സാധാ)**564/2023** ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
2. **02.06.2023** ലെ സ.ഉ.(സാധാ)**1153/2023**/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **30.07.2024, 16.06.2025** എന്നീ തീയതികളിലെ **LSGD/PD/27160/2024-DPLC2** നമ്പർ കത്തുകൾ

**ഉത്തരവ്**

തൃശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ **2023** വർഷം വേനൽ മഴ വളരെ കുറവ് ലഭിച്ചതിനാലും, മൺസൂൺ കൃത്യമായി ലഭിക്കാത്തതിനാലും പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം തുടർന്ന സാഹചര്യത്തിലാണ് ജൂൺ മാസത്തിലും ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം തുടരേണ്ടിവന്നത്. ഇപ്രകാരം ജൂൺ മാസത്തിൽ കുടിവെള്ളവിതരണം നടത്തുന്നതിന് **05.06.2023** ലെ കെ**2-1194/2023** നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടറുടെ അനുമതി ലഭ്യമായിട്ടുള്ളതാണെന്നും അപ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം ചെയ്തതിന് **31.03.2023** വരെ **43,200/-** രൂപയുടേയും **01.04.2023** മുതൽ **31.05.2023** വരെ **21,16,800/-** രൂപയുടേയും **01.06.2023** മുതൽ **28.06.2023** വരെ **4,29,600/-** രൂപയുടേയും കൂടി ആകെ **25,89,600/-** രൂപയുടെ ബിൽ കരാറുകാരൻ ലഭ്യമാക്കുകയും ചെയ്തു. പരാമർശം **(1)** സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന **18,00,000/-** രൂപ കരാറുകാരന് നൽകുകയും

ചെയ്തിട്ടുണ്ടെന്നും, ബാക്കി നൽകേണ്ട തുകയായ **7,89,600/-** രൂപ കരാറുകാരന് അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് ഭരണസമിതി തീരുമാനം, കരാർ ഉടമ്പടികൾ, വാഹനത്തിന്റെ ജി.പി.എസ്. രേഖകൾ എന്നിവ ഉൾപ്പെടെ തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിൽ അധികമായി ചെലവായ **7,89,600/-** രൂപ കരാറുകാരന് അനുവദിക്കുന്നതിനുള്ള സർക്കാർ അനുമതിക്കും മാർച്ച് മാസത്തിലെ ബാക്കി തുക ഏപ്രിൽ, മെയ് മാസങ്ങളിൽ അനുവദിച്ചതിനുമുള്ള സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ മറ്റ് അനുബന്ധ രേഖകൾ സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം **(3)** പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

**(2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തൃശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം ചെയ്യുന്നതിലേയ്ക്കായി **2023** മാർച്ച് മാസത്തിൽ ചെലവായ **43,200/-** രൂപയും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം മാർച്ച് മാസത്തിൽ അനുവദിക്കാവുന്ന **6** ലക്ഷം രൂപയിൽ ചെലവായ **43,200/-** രൂപയും കിഴിച്ചു ബാക്കി തുകയായ **5,56,800/-** രൂപ, ഏപ്രിൽ, മെയ് മാസങ്ങളിൽ അനുവദിക്കാവുന്ന **12** ലക്ഷം രൂപ ഉൾപ്പെടെ **18** ലക്ഷം രൂപ കരാറുകാരന് അനുവദിച്ച നടപടി സാധുകരിച്ചുകൊണ്ടും, **01.04.2023** മുതൽ **28.06.2023** വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ **13,46,400/-** (പതിമൂന്ന് ലക്ഷത്തിൽ നാല്പത്തി ആറു ആയിരത്തി നാന്നൂറ് രൂപ മാത്രം) രൂപയിൽ കരാറുകാരന് ബാക്കി നൽകേണ്ട തുകയായ **7,89,600/-** (ഏഴു ലക്ഷത്തി എൺപത്തി ഒൻപതു ആയിരത്തി അറുന്നൂറ് രൂപ മാത്രം) രൂപ ചിലവ് ആധികാരികത പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പാണഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
*ജോയിന്റ് ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്, തൃശൂർ*
സെക്രട്ടറി, പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് , തൃശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്1/ ആഡിറ്റ് 2,കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 31-07-2025 14:04:49